# കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ

[1989 ലെ പബ്ലിക് ലൈബ്രറീസ് ആക്ട് അനുസരിച്ച് സംയോജിപ്പിക്കപ്പെട്ടത്]

**(കേരള ഗ്രന്ഥശാലാ സംഘം)**

കെ. അനിരുദ്ധൻ റോഡ്, വഴുതയ്ക്കാട്, തിരുവനന്തപുരം - 14

**ഫോൺ : 0471 2328802, 2328806, 2328808 ഇ - മെയിൽ: keralaslc@gmail.com**


തീയതി 07.12.2017

*പ്രസിദ്ധീകരണത്തിന്*

## ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ് അപേക്ഷ ക്ഷണിച്ചു

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ 2018 ജനുവരി മാസം ആരംഭിയ്ക്കുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ആറുമാസമാണ് കോഴ്സിന്റെ കാലാവധി. കാസർകോട് ജില്ലയിലെ പുലിക്കുന്ന് ബോസ് മെമ്മോറിയൽ ലൈബ്രറിയിലാണ് ഈ ബാച്ച് നടക്കുന്നത്. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് കോഴ്സിൽ പ്രവേശനം നൽകുന്നത്. എസ്.എസ്.എൽ. സി.യാണ് അടിസ്ഥാന യോഗ്യത. പ്രായപരിധി 18 - 40 വയസ്. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികളിൽ പ്രവർത്തിക്കുന്ന ലൈബ്രേറിയന്മാർക്കും കൗൺസിലിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന ഗ്രാമീണ വനിതാ വയോജന പുസ്തക വിതരണ പദ്ധതി ലൈബ്രേറിയന്മാർക്കും സർക്കാർ അർധ - സർക്കാർ സ്ഥാപനങ്ങളിലെ നിശ്ചിത യോഗ്യതയില്ലാത്ത ലൈബ്രേറിയന്മാർക്കും അപേക്ഷിക്കാവുന്നതണ്. അപേക്ഷകർ കുറഞ്ഞപക്ഷം കഴിഞ്ഞ ആറ് മാസം തുടർച്ചയായി ലൈബ്രേറിയനായി പ്രവർത്തിച്ചുവരുന്നവരും ഇപ്പോഴും തുടർന്നുവരുന്നവരും ആയിരിക്കണം. സർക്കാർ / അർധ സർക്കാർ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ലൈബ്രേറിയന്മാർക്ക് സീറ്റ് സംവരണവും പ്രായപരിധിയിൽ ഇളവുമുണ്ട് (45 വയസ്). അവരുടെ ഡിപ്പാർട്ട്മെന്റ് സ്പോൺസർ ചെയ്യണം. ആകെ 40 പേർക്കാണ് കോഴ്സിൽ പ്രവേശനം നൽകുന്നത്.

അപേക്ഷാഫാറവും വിശദ വിവരങ്ങളും 30 രൂപ ഒടുക്കി സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഓഫീസിൽ നിന്ന് വാങ്ങാവുന്നതാണ്. തപാലിൽ ആവശ്യമുള്ളവർ സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, കെ. അനിരുദ്ധൻ റോഡ്, വഴുതയ്ക്കാട്, തൈയ്ക്കാട് പി.ഒ., തിരുവനന്തപുരം - 14 എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അക്കൗണ്ട്സ് ഓഫീസർ, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ മാറാവുന്ന 30 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റും സ്വന്തം മേൽവിലാസം എഴുതിയ 10 രൂപയുടെ പോസ്റ്റൽ സ്റ്റാമ്പ് ഒട്ടിച്ച 24 x 10 സെ.മീ. വലിപ്പമുള്ള കവറും അടക്കം ചെയ്തിരിക്കണം. പട്ടികജാതി / പട്ടികവർഗ വിഭാഗത്തിൽപെടുന്ന ലൈബ്രേറിയന്മാർ അപേക്ഷാ ഫീസ് അടയ്ക്കേണ്ടതില്ല. അവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും സ്വന്തം മേൽവിലാസം എഴുതിയ 10/- രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച കവറും അയച്ചാൽ മതിയാകും

അപേക്ഷാഫാറം വിതരണം ചെയ്യുന്ന അവസാന തീയതി 22.12.2017 വൈകുന്നേരം 5 മണിവരെ. പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 23.12.2017 വൈകുന്നേരം 5 മണിവരെ.

J / 07.12.2017

സെക്രട്ടറി